പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1513 — 15.06.2012 ൽ മറുപടിയ്ക്ക്

## വയോജനങ്ങൾക്കായി ഹെൽപ് ഡെസ്ക്ക്

ചോദ്യം — ഉത്തരം

ശ്രീ. വി. ശശി

ഡോ. എം.കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | വയോജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്ക് ഏതെല്ലാം ജില്ല കളിൽ ആരംഭിച്ചിട്ടുണ്ട് ; | എ) | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജന ങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്ന വയോമിത്രം പദ്ധതിയിലെ ഒരു പ്രധാന സേവനമായ ഹെൽപ്പ് ഡെസ്ക് 14 ജില്ലാ ആസ്ഥാനങ്ങളിലെ കോർപ്പറേഷൻ / മുൻസിപ്പൽ പ്രദേശ ങ്ങളിൽ നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട മറ്റ് 12 നഗര പ്രദേശങ്ങളിൽ കൂടി പദ്ധതി നടപ്പാ ക്കുന്നതിന്റെ പ്രവർത്തനം പുരോ ഗമിച്ചു വരുന്നു. |
| ബി) | പ്രസ്തുത ഹെൽപ്പ് ഡെസ്കു കൾ വഴി ലഭ്യമാകുന്ന സേവന ങ്ങൾ എന്തെല്ലാമെന്ന് വ്യക്ത മാക്കുമോ ? | ബി) | വയോജനങ്ങളുടെ ദൈനംദിന ജീവിത വുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആവശ്യമായ വിവരസഹായം ഹെൽപ്പ് ഡെസ്ക് മുഖേന ലഭ്യമാക്കി വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ